ഉത്തരം

(എ&ബി) മാവൂർ ഗ്രാസിം ഫാക്ടറി സ്ഥിതി ചെയ്തിരുന്ന സ്ഥലത്ത് ഒരു ന്യൂ ജനറേഷൻ ഇൻഡസ്ട്രി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഇതു സംബന്ധിച്ച് കമ്പനി അധികൃതരുമായി ചർച്ച ചെയ്ത് വരികയാണ്.

കേന്ദ്ര വ്യവസായ വകുപ്പിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായം

200(907) ശ്രീ. ബാബു. എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് : ഇവയിൽ എത്രയെണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട് ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് കേന്ദ്ര വ്യവസായ വകുപ്പിൽ നിന്നും എന്തെങ്കിലും സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ : എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 37 പൊതുമേഖലാ സ്ഥാപനങ്ങളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇതിൽ രണ്ടെണ്ണം സ്റ്റാറ്റ്യൂട്ടറി ബോഡികളാണ് വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ Minisrty of Industries-ന്റെ അധീനതയിൽ വരുന്ന പ്രവർത്തന അവലോകനത്തിനായി കണക്കിലെടുത്ത സ്ഥാപനങ്ങളിൽ 32 സ്ഥാപനങ്ങൾ 2009-10 സാമ്പത്തിക വർഷത്തിൽ ലാഭകരമായി പ്രവർത്തിക്കുന്നു.

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് കേന്ദ്ര വ്യവസായ വകുപ്പിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമായിട്ടില്ല.

കൊരട്ടി കിൻഫ്രാ പാർക്കിൽ പ്രിന്റ് വില്ലേജ്

201(908) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി കിൻഫ്രാ പാർക്കിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന രണ്ടാംഘട്ടവികസനം (എസ്ഡിഎഫ്) ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏതു തരത്തിലുള്ള വ്യവസായ സംരംഭകർക്കാണ് എസ്ഡിഎഫിൽ വ്യവസായം ആരംഭിക്കാൻ സ്ഥലം അനുവദിക്കുകയെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly